കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.(പി6)1442/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.09.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- തൃക്കൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1,ഭാഗം 3 ലെ ഖണ്ഡികകൾ എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി6)1442/17 തീയ്യതി 09.10.2017

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 03.11.2016 മുതൽ 22.08.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16

എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.17 മുതൽ 31.08.17വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി. ആശ എം.വി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന.കെ.സത്യൻ | ഓഡിറ്റർ |
| ശ്രീമതി. വിനീത .ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പ്രേമ കുട്ടൻ | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | എ.കെ രാജൻ | 1.04.16 മുതൽ 5.08.16വരെ |
| | സി.ജി ജയകൃഷ്ണൻ | 6.08.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | അനു.പി. പ്രഭ | 01.04.16മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ഡോ. സ്വപ്ന | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ഗവ: ആയുർവ്വേദ ഡിസ്പെൻസറി | ഡോ. സ്മിത. ആർ | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബിനോയ്.ഡി.രാജ് | 01.04.16മുതൽ 18.06.16വരെ |

| | | |
|---|---|---|
| | ഒഴിവ് | 19.06.16മുതൽ 20.06.16വരെ |
| | ഡോ.ഷീന.കെ.വാസു | 21.06.16മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ബിന്ദു ബാലകൃഷ്ണൻ | 01.04.16മുതൽ 15.12.17 വരെ |
| | സി.ബി. രഘു | 16.12.16മുതൽ 31.03.17 വരെ |
| വി.ഇ.ഒ (തൃക്കൂർ, കല്ലൂർ) | സന്തോഷ് കുമാർ | 01.04.16മുതൽ 31.07.16 വരെ |
| | ഒഴിവ് | 01.08.16മുതൽ 05.08.16വരെ |
| | ഉണ്ണികൃഷ്ണൻ | 06.08.16മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്ത | 01.04.16മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഇഷ മുരളി | 01.04.16മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്.,തൃക്കൂർ | സി.ജി.കരുണാവതി | 01.04.16മുതൽ 31.05.16 വരെ |
| | ഷീന ജോസഫ് | 01.06.16മുതൽ 09.06.16 വരെ |
| | ഗ്രേസി. സി.എൽ. | 10.06.16മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | എ.കെ രാജൻ | 01.04.16മുതൽ 17.08.16വരെ |
| | ഒഴിവ് | 18.08.16മുതൽ 25.08.16വരെ |
| | കെ.കെ.നന്ദകുമാർ | 26.08.16മുതൽ 31.03.17 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗ്രാമപഞ്ചായത്തിൽ കെട്ടിടനമ്പർ ഇല്ലാത്ത കെട്ടിടങ്ങളുടെ പ്രവർത്തനം - ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. | 2-1 |
| 13 | അനധികൃത നിർമ്മാണം തുടർനടപടി | 2-2 |
| 14 | കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റം നടപടിയുണ്ടായില്ല | 2-3 |
| 15 | വസ്തു നികുതി നിർണ്ണയം -അപാകത | 2-4 |
| 16 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ്- അപാകത | 2-5 |
| 17 | ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല | 2-6 |
| 18 | സോളിഡ് ബ്ളോക്കുപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണം-അധികനിരക്ക് അംഗീകരിയ്ക്കുന്നില്ല | 3-1 |
| 19 | മരുന്നുകൾ ലഭ്യമായിട്ടില്ല | 3-2 |
| 20 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 21 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ പ്രോജക്ടുകൾ - തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല-743435 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-4 |
| 22 | കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-5 |
| 23 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ | 3-6 |

| | | |
|---|---|---|
| | പദ്ധതികൾ- കൈപ്പറ്റ രസീതി ഹാജരാക്കിയിട്ടില്ല- 1374067 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 24 | പദ്ധതി രൂപീകരണം -ആദായനികുതി ഈടാക്കിയിട്ടില്ല | 3-7 |
| 25 | ഐ.എസ്.ഓ സർട്ടിഫിക്കേഷൻ -360000 രൂപ ചെലവഴിച്ചതല്ലാതെ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല | 3-8 |
| 26 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല -680104 രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 27 | സേവനനികുതി -കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല-അധികച്ചെലവ്-26928രു. | 3-10 |
| 28 | ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചില്ല | 3-11 |
| 29 | കുടുംബശ്രീ ചലഞ്ച് ഫണ്ട് കൈമാറുന്നതിൽ കാലതാമസം | 3-12 |
| 30 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-13 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം I |

# ഭാഗം 1

## <u>പൊതു അവലോകനം</u>

# 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തിയ്യതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 159257500 രൂപയും ചെലവ് 149901872 രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 28.7.17 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 30.08.2017 |

വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

1.വസ്തു നികുതി റെസിഡൻഷ്യൽ ബിൽഡിംഗ്, വസ്തു നികുതി സർവ്വീസ് സെസ്സ് 2015-16 സാമ്പത്തികവർഷം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട തുകയല്ല 2016-17 സാമ്പത്തിക വർഷം കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്.

2. നാളിതു വരെയുള്ള ആസ്തിബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷികകണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 12793996 |
| വരവ് | ₹ 43950796 |
| ആകെ | ₹ 56744792 |
| ചെലവ് | ₹ 39489401 |
| നീക്കിയിരിപ്പ് | ₹ 17255391 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ലാപ്സായത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12486897 | 11016048 | 1470849 | 88 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 4537149 | 3886881 | 650268 | 86 |
| വികസനഫണ്ട് ടി.എസ്.പി. | 87405 | 58400 | 29005 | 67 |
| സംരക്ഷണഗ്രാന്റ് റോഡ് | 8656431 | 1164483 | 7491948 | 13 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4010523 | 2866830 | 1143693 | 71 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7002976 | 2080497 | 4922479 | 30 |
| ലോകബാങ്ക് ധനസഹായം | 3692114 | 151397 | 3540717 | 4 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 51218310 | 66 | 24042342 | 49 | 4 | 55% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

പദ്ധതി ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3049000 | 2025980 | 66.45 |
| വെറ്ററിനറി സർജൻ | 5 | 5 | 1823500 | 1119142 | 61.37 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 4 | 1275086 | 1174351 | 92.10 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 1038412 | 865000 | 83.30 |
| വില്ലേജ് | 2 | 2 | 1358200 | 1345700 | 99.08 |

| | | | | | |
|---|---|---|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2745000 | 2111037 | 76.90 |
| സെക്രട്ടറി | 25 | 19 | 8601367 | 6902886 | 80.25 |
| ഹെഡ് മാസ്റ്റർ | 1 | 1 | 250000 | 250000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 12 | 22465191 | 4049450 | 18.03 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 390000 | 390000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 14 | 8222554 | 3998796 | 48.63 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5167054 | 5733168 | 566114 | 10.95 |
| നികുതിയേതര വരവുകൾ | 1654477 | 860312 | (-)794165 | -48.00 |
| മറ്റുവരവുകൾ | 9340191 | 9243932 | (-)96259 | (-)1.03 |
| ആകെ | 16161722 | 15837412 | 324310 | -2.00 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 159360 | 182 |
| കർഷക തൊഴിലാളി പെൻഷൻ | 5134650 | 580 |

| | | |
|---|---|---|
| വിധവാപെൻഷൻ | 10897830 | 1030 |
| വാർദ്ധക്യകാല പെൻഷൻ | 21777430 | 1860 |
| വികലാംഗ പെൻഷൻ | 3069355 | 330 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 935850 | 100 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2017 തിയതിയിൽ 3.00 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63656 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1.ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പൂർണ്ണമല്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

രജിസ്റ്ററുകൾ കൃത്യമായും പൂർണ്ണമായും സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.08.2017 | 2017 ജൂലായ് | 18.07.2017 (ഫെബ്രുവരി 2017) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.2015 മുതൽ 11.11.2015 വരെ | 2010-11മുതൽ 2014-15 വരെ | 30.12.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിൽ കെട്ടിടനമ്പർ ഇല്ലാത്ത കെട്ടിടങ്ങളുടെ പ്രവർത്തനം - ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1. പാരിഷ് ഹാളിന്റെ പ്രവർത്തനം

വികാരി, ഹോളിമേരി റോസറി ചർച്ച്, കല്ലൂർ വെസ്റ്റിന്റെ ഉടമസ്ഥതയിൽ വാർഡ് XV, സർവ്വെ നമ്പർ 521/1, 522/1, 523/1ൽ 497.65 ച.മീറ്ററിൽ ഹാൾ നിർമ്മിക്കുന്നതിനായി 11.8.10ൽ B1-4081/2010

നമ്പറായി നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ്. 1151.65m²ൽ പണിതീർത്ത കെട്ടിടം റെഗുലറൈസേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതാകുന്നു. എന്നാൽ ഈ ഹാൾ മറ്റു പല ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തി വരുന്നു. ഇതിനെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളെ കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെട്ടിടനമ്പർ അനുവദിക്കുന്നതിന് മുമ്പ് തന്നെ കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാൽ കെട്ടിടം നിയമാനുസൃതമാക്കുന്നതുവരെ അനധികൃത കെട്ടിടങ്ങൾക്ക് ഈടാക്കുന്ന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. സൈമൺ ഹാളിന്റെ പ്രവർത്തനം

കല്ലൂർ വില്ലേജ് സർവ്വെ നമ്പർ 287/2 ൽ പെട്ട ശ്രീമതി. മേരി, ശ്രീമതി.സീന എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ലേഔട്ട് അംഗീകാരം സംബന്ധിച്ച് എ2-2663/15 /2.5.15 ൽ കത്ത് നൽകിയിട്ടും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതാകുന്നു. കെട്ടിടനമ്പർ ലഭ്യമാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതായ കെട്ടിടനികുതി അടവാക്കാതെ ഈ കെട്ടിടം വാടക ഈടാക്കി വിവാഹം പോലുള്ള ആവശ്യങ്ങൾക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം ചട്ടം 235 എ.എ പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് നിയമാനുസൃതമാക്കുന്നതുവരെ മൂന്നിരട്ടി നികുതി അടവാക്കേണ്ടതാണെന്ന് 28.03.17 ന് സെക്രട്ടറി കത്ത് നൽകിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ U.A രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ടാക്സ് ഡിമാന്റ് ചെയ്തിട്ടില്ല. കെട്ടിട ഉടമ നാളിതുവരെ നികുതി അടവാക്കുകയോ കെട്ടിടത്തിന്റെ ന്യൂനത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കെട്ടിടം നിയമാനുസൃതമാക്കാതെ അനധികൃത നിർമ്മാണങ്ങളുടെ ഇത്തരത്തിലുള്ള പ്രവർത്തനം പ്രോൽസാഹിപ്പിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.1/29.08.17)

## 2-2 അനധികൃത നിർമ്മാണം തുടർനടപടി ഇല്ല.

തൃക്കൂർ ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ കല്ലൂർ വില്ലേജ് സർവ്വെ 256/3ൽ കല്ലക്കാരൻ ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിട ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് 1080/14 കേസിലുള്ള ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രിബ്യൂണലിന്റെ 31.05.2016ലെ വിധിന്യായം, പഞ്ചായത്ത് കമ്മിറ്റിയുടെ 30.08.16 തിയ്യതിയിലെ 5(15) നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടിസ് നൽകി കാണുന്നു. ഈ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-3 കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റം - നടപടിയുണ്ടായില്ല

ഗ്രാമപഞ്ചായത്തിൽ മാവിൻചുവട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന അനുഗ്രഹ ഓഡിറ്റോറിയത്തിന്റെ കെട്ടിട നമ്പർ സംബന്ധിച്ച A1-222/17/16.1.17 നമ്പർ വിവരാവകാശത്തിന് ഷോപ്പ് ആവശ്യത്തിന് കെട്ടിടനമ്പർ ഉണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ടി കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം

2/29.08.17നെ തുടർന്ന് സ്ഥാപന ഉടമയ്ക്ക് 30.08.17ൽ കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയം -അപാകത

തൃക്കൂർ ഗ്രാമപഞ്ചായത്തിൽ $100m^2$ ന് മുകളിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചതുരശ്രമീറ്ററിന് 50 രൂപയാണ്. എന്നാൽ താഴെപ്പറയുന്ന $100m^2$ന് മുകളിലുള്ള ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് $100m^2$ന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 30 രൂപ നിരക്കിലാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം $m^2$ | സഞ്ചയയിലെ രേഖപ്പെടുത്തൽ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 5/256 | കൊച്ചുണ്ണി | 177 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | മുമ്പ് കെട്ടിടനമ്പർ നൽകിയിട്ടുള്ള വാണിജ്യാവശ്യത്തിനായുള്ള ഈ കെട്ടിടത്തിന് 100 % വർദ്ധനവ് വരുത്തിയിട്ടുണ്ട്. നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നില്ലെങ്കിലും സഞ്ചയയിലെ ഡാറ്റാ എൻട്രിയിലുള്ള അപാകത പരിഹരിക്കാൻ നടപടി ആരംഭിക്കുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. |
| 14/435 | ഗ്രാമീണജനത സഹകരണ സംഘം | 273.971 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | കെട്ടിടം ഓഫീസ് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത്. ടി കെട്ടിടത്തിന് ബാധകമായ നികുതി നിരക്ക് 30 ആയതിനാൽ നികുതി നിരക്കിൽ വ്യത്യാസം വരുന്നില്ല. |

സഞ്ചയയിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതും തെറ്റായ ഡാറ്റാ എൻട്രിമൂലം ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ കണ്ടെത്തി തനതുവരുമാനം ഉറപ്പാക്കുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

## 2-5 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ്- അപാകത

അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഡിമാന്റ് ചെയ്തിരിക്കുന്നത് നിയമാനുസൃതമായ കെട്ടിടങ്ങൾക്ക് ചുമത്താവുന്ന വസ്തുനികുതി നിരക്കിലാണ്. UA രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഈ കെട്ടിടങ്ങളിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 235 എ.എ(1) പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുന്ന വസ്തുനികുതിയോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുവരുന്ന നികുതി ഈടാക്കേണ്ടതാണ്.

| ക്രമനമ്പർ | കെട്ടിടനമ്പർ/ ആവശ്യം | കെട്ടിട ഉടമ | വിസ്തീർണ്ണം m2 | സഞ്ചയപ്രക്രാരം വസ്തുനികുതി |
|---|---|---|---|---|
| 1 | 14/379 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 15 | 495 |
| 2 | 14/380 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 13(രജിസ്റ്റർ പ്രകാരം 15) | 429 |
| 3 | 14/381 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 15 | 495 |
| 4 | 14/382 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 15 | 545 |
| 5 | 14/383 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 15 | 545 |
| 6 | 14/384 വാണിജ്യം | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 15 | 495 |
| 7 | 14/385 ഓഫീസ് | ചന്ദ്രൻ, ചുള്ളി വീട്, കല്ലൂർ | 150 | 4950 |
| 8 | 14/378 വാണിജ്യം | ശിവൻകുട്ടി, നാഗത്ത്,കല്ലൂർ | 15 | 495 |

വസ്തുനികുതി ഡിമാന്റിലെ/നിർണ്ണയത്തിലെ വ്യത്യാസത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, 1999-2000 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച നൽകിയിരിക്കുന്ന ഈ കെട്ടിടങ്ങൾ അനധികൃതമാണെന്നാരോപിച്ച് നിലവിൽ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ

വസ്തുനികുതി പുനർനിർണ്ണയം ചെയ്യപ്പോൾ അനധികൃതകെട്ടിടമായി കണക്കാക്കി U.A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. കേസിന്റെ വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 44,835/-രൂപ എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സോളിഡ് ബ്ളോക്കുപയോഗിച്ചുള്ള ചുറ്റുമതിൽ നിർമ്മാണം-അധികനിരക്ക് അംഗീകരിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളുടെ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രോജക്ടിനായി സോളിഡ് ബ്ലോക്കുപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തിയ്ക്കായി അധികനിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം - 89/16-17

അടങ്കൽ - 447501

ചെലവുവിവരം

ബിൽ നം.14/16-17/30.3.17, 396335/-രൂപ

വിവിധ അംഗൻവാടികളുടെ ചുറ്റുമതിൽ സോളിഡ് ബ്ലോക്കുപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തിക്ക് താഴെ പറയുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്. (2014 DSR with cost index 36.19%).(specification code-50.6.1.6)

| Code | Description | Unit | Quantity | Rate | amount |
|---|---|---|---|---|---|
| | Details of cost for 1m$^3$<br>MATERIALS | | | | |
| MR2 | Solid block of size 30x20x20cm | each | 77.00000 | 36.50 | 2810.50 |

| | | | | | |
|---|---|---|---|---|---|
| 3.11 | Rate as per item number 3.11 of SH: mortars | cum | 0.09000 | 3340.75 | 300.67 |
| 9999 | Sundries | L.s | 2.73000 | 1.78 | 4.86 |
| 0123 | Mason (brick layer) 1st class | day | 0.47000 | 435.00 | 204.45 |
| 0124 | Mason (brick layer) 2nd class | day | 0.47000 | 399.00 | 187.53 |
| 0115 | coolie | day | 1.80000 | 329.00 | 592.20 |
| 0101 | bhisti | day | 0.20000 | 363.00 | 72.60 |
| 9999 | Sundries-scaffolding extra labour element required for lifting of materials (above floor two level upto floor five level) | L.S | 22.36000 | 1.78 | 39.80 |
| 0115 | coolie | day | 1.13000 | 329.00 | 371.7727 |
| | TOTAL | | | | 4584.38 |
| | Add water charges@1% | | | | 45.84 |
| | TOTAL | | | | 4630.22 |
| | Add CPOH@15% | | | | 694.53 |
| | Cost of 1.00000 $m^3$ | | | | 5324.75 |
| | Cost of $1m^3$ | | | | 5324.75 |
| | say | | | | 5324.75 |
| | Cost index 36.19% | | | | 745.64 |
| | Total with cost index | | | | 6070.39 |
| | ആകെ | | | | 6070.39 |

എന്നാൽ പ്രസ്തുത നിരക്കിൽ സ്കാഫോൾഡിംഗം ആയതിന്റെ ലേബർ കമ്പോണന്റും ഉൾപ്പെടുത്തിയാണ് (above floor two level upto floor five level-specification code-50.6.1.6) എസ്റ്റിമേറ്റ് ഇനം 5 ആയി ടി പ്രവൃത്തിക്ക് റേറ്റ് കണക്കാക്കിയിട്ടുള്ളത്. അളവ് പുസ്തകം 8/16-17പേജ് നം.13-17 പ്രകാരം (എസ്റ്റിമേറ്റ് ഇനം 5) ചുറ്റമതിലിന്റെ പൊക്കം കേവലം 1.20 മീറ്റർ മാത്രമായിരിക്കേ സ്കാഫോൾഡിംഗം ആയതിന്റെ ലേബർ കമ്പോണന്റും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യമില്ലാത്തതാണ്. ആയതിനാൽ ടി പ്രവൃത്തിക്ക് ആവശ്യമായ നിരക്ക് താഴെ കൊടുക്കുന്നു.(specification code-50.6.1.5)

| Code | Description | Unit | Quantity | Rate | amount |
|---|---|---|---|---|---|
| | Details of cost for $1m^3$ MATERIALS | | | | |

| | | | | | |
|---|---|---|---|---|---|
| MR2 | Solid block of size 30x20x20cm | each | 77.00000 | 36.50 | 2810.50 |
| 3.11 | Rate as per item number 3.11 of SH: mortars | cum | 0.09000 | 3340.75 | 300.67 |
| 9999 | Sundries | L.s | 2.73000 | 1.78 | 4.86 |
| 0123 | Mason (brick layer) 1st class | day | 0.47000 | 435.00 | 204.45 |
| 0124 | Mason (brick layer) 2nd class | day | 0.47000 | 399.00 | 187.53 |
| 0115 | coolie | day | 1.80000 | 329.00 | 592.20 |
| 0101 | bhisti | day | 0.20000 | 363.00 | 72.60 |
| 9999 | Sundries- | L.S | 22.36000 | 1.78 | 39.80 |
| | TOTAL | | | | 4212.61 |
| | Add water charges@1% | | | | 42.13 |
| | TOTAL | | | | 4254.74 |
| | Add CPOH@15% | | | | 638.21 |
| | Cost of 1.00000 $m^3$ | | | | 4892.95 |
| | Cost of $1m^3$ | | | | 4892.95 |
| | say | | | | 4892.95 |
| | Cost index 36.19% | | | | 589.37 |
| | Total with cost index | | | | 5482.32 |
| | ആകെ | | | | 5482.32 |

ഈ പ്രവൃത്തിയുടെ ബില്ലിൽ $29.72m^3$ ന് $6070.39/m^3$ എന്ന നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. (അളവു പുസ്തകം നം.8/16-17പേജ്49)

നിരക്കിലെ വ്യത്യാസം = 588.07

അധികം നല്കിയത് = $29.72m^3$x588.07=17477.44

ടെണ്ടർ കിഴിവ് (.01%) = 1.7477

=17475.69

=17476

മേൽ അപാകതയിൻമേൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാലും സ്റ്റാഫിന്റെ പരിമിതി മൂലവും, തിരക്കിൽപ്പെട്ട് സംഭവിച്ച

തെറ്റാണെന്നാണ് അറിയിച്ചിട്ടുള്ളത്.

ആകെ പ്രവൃത്തി മൂല്യം – 373938

ടെണ്ടർ കിഴിവ് – 0.01%

കരാറുകാരൻ – പ്രശാന്ത്.പി.എസ്.

അളവുപുസ്തകം – 8/16-17

കൂടിയ റേറ്റിൽ പ്രവൃത്തി നടത്തിയതു മൂലമുണ്ടായ അധികചെലവ് തുക 17476രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും വാല്യുവേഷൻ നടത്തുകയും ചെയ്ത അസി.എഞ്ചിനിയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നല്കുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.14/30.8.17)

## 3-2 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ- S0008/17 – ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

ട്രഷറി ബിൽ നമ്പർ- 3/16-17/17.2.17/65000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം 65000രൂപ കേരളാ ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല; ചെലവു തുക തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് / പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ<br>തുക | തടസ്സപ്പെടുത്തിയ തുക | അപാകത |
|---|---|---|---|---|
| 1 | S0058/17<br>നെൽകൃഷി വികസനം | 3/16-17/<br>25.2.17/60000രൂപ<br>4/16-17/23.3.17/<br>20000 രൂപ | 60000രൂപ | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി 53 കർഷകർക്ക് |

| | | | | |
|---|---|---|---|---|
| | | | | നൽകിയതിന്റെ കൈപ്പറ്റുരസീതി ഹാജരാക്കിയിട്ടില്ല. |
| 2 | S0082/17 പച്ചക്കറി കൃഷി വികസനപദ്ധതി | 6/16-17/23.3.17/ 240000 രൂപ | 150000 | നിലമൊരുക്കുന്നതിന് 34 കർഷകർക്ക് സബ്സിഡി നൽകിയതിന്റെ കൈപ്പറ്റുരസീതി ഹാജരാക്കിയിട്ടില്ല. |
| 3 | പ്രൊഡക്ഷൻ ബോണസ് | - | 20000 | 53 കർഷകർക്ക് നൽകിയതിന്റെ കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല. |
| | | | 230000രൂപ | |

കൈപ്പറ്റുരസീതി ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 230000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-4** മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ പ്രോജക്ടുകൾ- തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല-**743435** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ തുക നൽകി നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട്/പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ തുക | നൽകിയത് |
|---|---|---|---|
| 1 | S007/17<br>പെയിൻ ആന്റ് പാലിയേറ്റീവ് | 10/16-17/<br>17.2.17<br>327394രൂപ | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരം |
| 2 | S00103/17<br>പി.എച്ച്.സിയിലേക്ക് മരുന്ന വാങ്ങൽ | 9/16-17/<br>17.2.17<br>416041 രൂപ | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരം |
| | ആകെ | 743435 | |

മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 743435 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ -s0022/17

ട്രഷറി ബിൽ നമ്പർ- 4/16-17/18.3.17/ 300000 രൂപ

2016-17സാമ്പത്തികവർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 300000 രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക നൽകിയിട്ടുണ്ട്. 2017 മാർച്ച് മാസം മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-6 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ- കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല- 1374067 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് /പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ, തുക | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| 1 | S0043/17<br>അംഗൻവാടി വർക്കർ ഹെൽപ്പർ ഓണറേറിയം | 1) 2/16-17/ 31.10.16/ 547500 രൂപ<br>2) 5/16-17/ 16.3.17/ 526567രൂപ | അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം നൽകിയത്. കൈപ്പറ്റു രസീതി ഇല്ല. |
| 2 | S0042/17<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000രൂപ | 46 ഗുണ ഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്. കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല |
| | | 1374067രൂപ | |

കൈപ്പറ്റു രസീതി ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 1374067 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പദ്ധതി രൂപീകരണം -ആദായനികുതി ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് -പദ്ധതി രൂപീകരണവും മോണിറ്ററിംഗും

പ്രോജക്റ്റ് നമ്പർ-s0015/17

ട്രഷറി ബിൽ നമ്പർ-7/16-17/27.10.16/57970 രൂപ

18 /16-17/28.12.16/31550രൂപ

39/16-17/29.3.16/60480രൂപ

പദ്ധതി രേഖ, ഗ്രാമസഭ നോട്ടീസ് എന്നിവ അച്ചടിക്കുന്നതിനായി ഇൻസ്റ്റന്റ് പ്രസ്സിന് 52400 രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194(c) പ്രകാരം 30000മുതലുള്ള ഓരോ കോൺട്രാക്റ്റിനും വർഷത്തിന് കോൺട്രാക്ടറിൽ നിന്നും 1% നിരക്കിൽ (പാൻ ഇല്ലെങ്കിൽ 20%) ആദായനികുതി ഈടാക്കേണ്ടതാണ്. നിയമാനുസൃത നിരക്കിൽ മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 ഐ.എസ്.ഓ സർട്ടിഫിക്കേഷൻ -360000 രൂപ ചെലവഴിച്ചതല്ലാതെ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ-s00157/17

ട്രഷറി ബിൽ നമ്പർ-13/16-17/24.11.16/360000 രൂപ

പഞ്ചായത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിനായി 360000 രൂപ ചെലവഴിച്ച് 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, 5 കെ.വി.യു.പി.എസ്. എന്നിവ കെൽട്രോണിൽ നിന്നും വാങ്ങിയതല്ലാതെ മറ്റു

തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8/29.8.17)ക്ക് കൺസൾട്ടൻസി ഏജൻസിക്കു വേണ്ടി ടെണ്ടർ നടത്തിയെങ്കിലും ആരും ടെണ്ടർ ഏറ്റെടുക്കാത്തതിനാലാണ് തുടർ നടപടികൾ നടപ്പിലാക്കാത്തത് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട പ്രാരംഭ നടപടികളൊന്നും നടത്താതെ കമ്പ്യൂട്ടർ പർച്ചേസ് മാത്രം നടത്തിയത് ശരിയായ നടപടിയല്ല. ഇത് പദ്ധതി വിഭാവനം ചെയ്തതിലെ അപാകതയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-9 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല -680104 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ/ പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ/ | നൽകിയ തുകയുടെ വിവരം | അപാകത |
|---|---|---|---|---|
| 1 | S0017/17<br>ഐ.കെ.എം.ന് അടക്കേണ്ട വിഹിതം | 16/16-17/ 28.12.16<br>52175രൂപ | 52175രൂപ<br>എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. തിരുവനന്തപുരം | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | S0081/17<br>സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 1) 37/16-17/ 29.3.17/489531 രൂപ<br>2) 36/16-17/ 29.3.17/200000 രൂപ | 1) 115390 രൂപ - അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി., മരത്താക്കര<br>2) 429539 രൂപ<br>അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി.,പുതുക്കാട് (ബാക്കി തുകയ്ക്കുള്ള UC ലഭിച്ചിട്ടുണ്ട്.) | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3 | S00128/17<br>വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 40/16-17/ 30.3.17<br>83000രൂപ | 83000രൂപ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ. കേരളാ വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| | | | 680104 രൂപ | |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 680104 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സേവനനികുതി -കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല-അധികച്ചെലവ്-26928രൂ.

മരാമത്ത് പ്രവൃത്തികളുടെ സേവനനികുതി സേവനദാതാവും കരാറുകാരനും തുല്യമായി ഒടുക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനനികുതിയുടെ പകുതി പഞ്ചായത്ത് വഹിച്ചാൽ മതിയാകും. എന്നാൽ 16-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മുഴുവൻ തുകയും പഞ്ചായത്ത് വഹിച്ചതായി കാണുന്നു. സേവനനികുതി ഒടുക്കി രസീത് ഹാജരാക്കിയ മുറയ്ക്ക് കരാറുകാരൻ ഒടുക്കിയ തുക തിരികെ നൽകുകയാണ് ചെയ്തത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ആകെ മൂല്യം | ബിൽ നം. തിയതി | സേവനനികുതി | ഈടാക്കേണ്ട സേവനനികുതി | |
|---|---|---|---|---|---|---|
| | | | | | കരാറുകാരൻ | പഞ്ചായത്ത് |
| 1 | വിവിധ അംഗൻവാടികളുടെ ചുറ്റുമതിൽ നിർമ്മാണം | 373938(-)0.01% = 373901 | 14/16-17/ 30.3.17 396335/- | 22434 | 11217 | 11217 |
| 2 | ബഡ്സ് സ്കൂൾ നിർമ്മാണം – രണ്ടാം ഘട്ടം | 271492 | 6/16-17/ 28.3.17 275000/- | 28507 | 14253.5 | 14253.5 |
| 3 | ആദൂർ എസ്.സി. ശ്മശാനം നവീകരണം | 48570.29 | 4/16-17/ 23.3.17 51485/- | 2914.21 | 1457.10 | 1457.10 |
| | ആകെ | | | 53855.21 | 26927.60 | 26927.60 |

കരാറുകാരിൽ നിന്നും തുക 26928 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്ത് വിവിധ ഘട്ടങ്ങളിലായി നടത്തിയിട്ടുള്ള ബഡ്സ് സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 12,37,730/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും, സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചില്ല. ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാലുമാണ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ കാലതാമസം കൂടാതെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധം പ്രവർത്തന സജ്ജമാക്കേണ്ടതാണ്. സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 18/30.08.17)

## 3-12 കുടുംബശ്രീ ചലഞ്ച് ഫണ്ട് കൈമാറുന്നതിൽ കാലതാമസം

കുടുംബശ്രീ എക്സിക്യൂട്ടീവ് മിഷനിൽ നിന്നും ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ 18.5.15 ൽ ലഭ്യമായ 5,00,000/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് നല്കിയത് 30.12.16ൽ ആണ്. (Vr.No.21600762/30.12.16). തുക തിരികെ നല്കിയപ്പോൾ പലിശയായി 27186 രൂപയും നല്കേണ്ടിവന്നു. തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക യഥാസമയം കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് കൈമാറി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താതെയിരുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. കുടുംബശ്രീ അഗതി – ആശ്രയ പാസ് ബുക്കിൽ 19.2.16ൽ ലഭിച്ച 500000 രൂപ, വികസനഫണ്ട് തുക ഓഡിറ്റ് കാലയളവിലും ചെലവഴിച്ചിട്ടില്ല. ഈ പാസ് ബുക്കിൽ 31.3.17.ൽ 10,03,316/- രൂപ നീക്കിയിരിപ്പുണ്ട്. 2016-17 സാമ്പത്തിക വർഷം ആശ്രയ ഗുണഭോക്താക്കൾക്ക് പോഷകാഹാര വിതരണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. കുടുംബശ്രീയിൽ നിന്ന് ലഭിയ്ക്കുന്ന ഫണ്ട് യഥാസമയം അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതും ഗുണഭോക്താക്കൾക്കായി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 2016-17 വർഷത്തെ മൊത്തം അടങ്കൽ | 129946300 | | |
| 2016-17 വർഷത്തെ മുൻ ബാക്കി | 1708 | | |
| 2016-17 വർഷത്തെ ആകെ വരവ് | 26037238 | | |
| 2016-17 വർഷത്തെ ആകെ ചെലവ് | 26014675 | | |
| 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 224563 | | |
| 2016-17വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ആരംഭിച്ച പദ്ധതികളുടെ എണ്ണം 219 | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം 205 | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം 14 |
| 2016-17വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 205 | | - |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത | 3825 | | - |

| | | |
|---|---|---|
| തൊഴിൽ കാർഡുകളുടെ എണ്ണം | | |
| 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | - | - |
| പട്ടികജാതി | 11578 | - |
| പട്ടികവർഗ്ഗം | 391 | - |
| മറ്റുള്ളവർ | 69056 | - |
| ആകെ | 81025 | - |
| സ്ത്രീകൾ | 77124 | - |
| പുരുഷൻമാർ | 3901 | - |
| 2016-17വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1495 | - |
| 2016-17വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 382 | - |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | - | - |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 24406978 | - |
| പദ്ധതികൾ സംബന്ധിച്ച വിശദാംശം | | |
| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| മണ്ണ് ജല സംരക്ഷണം | - | - |
| വനവൽക്കരണം | 9 | 256150 |
| ചെറുകിട ജലസേചന പദ്ധതികൾ | 39 | 7597940 |

| | | |
|---|---|---|
| ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 111 | 10450746 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 3 | 413256 |
| ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 10 | 110435 |
| | | 5393724 |

| | ആരംഭിച്ച പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കിണർ | 8 | 672660 |
| IHHL | 10 | 110435 |
| Farm pound | - | - |
| Compost Pit | 8 | 68000 |
| Road Concrete | 1 | 396961.21 |
| Drain | - | - |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 25000 | നെൽകൃഷി വികസനം (പ്രൊജക്ട് നം.58/17) | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.42/17) | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 350000 | മണലിപുഴ സുചീകരണം പ്രൊജക്ട് നം.131/17 | 0 | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 190000 | ക്ഷീര സംഘങ്ങൾ മുഖേന പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി പ്രൊജക്ട് നം.46/17 | 190000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റിവക്കലും | NEFT | 689531 | 0 | 689531 |
| കെ.ഡബ്ല്യു.എ | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | NEFT | 83000 | 0 | 83000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം വായ്പ തുകയിൽ നിന്നുള്ള ചെലവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി | സ.ഉ.(എം.എസ്) | 17200000 | 15751267 | 0 | 2200000 | 1787810 | 13551267 |

| | | | | | | | |
|---|---|---|---|---|---|---|---|
| സമ്പൂർണ്ണ പാർപ്പിടപദ്ധതി | 83/13/ തസ്വഭവ തിയതി 11.03.2013 | | | | | | |
| രാജീവ് ഗാന്ധി സമ്പൂർണ്ണ പാർപ്പിട പദ്ധതി | സ.ഉ.(എം.എസ്) 83/13/ തസ്വഭവ തിയതി 11.03.2013 | 1500000 | 0 | 1500000 | 0 | 0 | 0 |

- 22000000 രൂപ വായ്പ അനുമതി ലഭ്യമായതിൽ 2015-16 കാലയളവിൽ 17200000 രൂപയും 2016-17 സാമ്പത്തികവർഷം 1500000 രൂപയുമാണ് വായ്പ എടുത്തത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ |
|---|---|---|---|---|
| 2012-13 | 2-6 | 1250 | BRD CarWorld (തൊഴിൽ നികുതി) | 11610101630/ 13.7.16 |
| KSATSR(PEN.2) 604/16 Dtd.7.06.16 | | 3249 | ബിജു.കെ (അക്കൗണ്ടന്റ്) | 11607103051 / 5.01.2017 |
| ആകെ | | 4499 | | |

പെൻഷൻ റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ |
|---|---|---|---|---|
| 2013-14 | 3-2 | 2940 | ലീലാമണി, മംഗലത്ത് (പെൻഷൻ) | 11610101168/9.06.16 |
| 2013-14 | 3-2 | 1500 | വിലാസിനി കാളിപറമ്പിൽ (പെൻഷൻ) | 11610101037/1.06.16 |

| | | | | |
|---|---|---|---|---|
| 2013-14 | 3-2 | 2940 | മറിയം പൊട്ടത്തുപറമ്പിൽ (പെൻഷൻ) | 11610101254/15.6.16 |
| 2013-14 | 3-2 | 1440 | വിലാസിനി, കാളിപറമ്പിൽ (പെൻഷൻ) | 11607101885/27.10.16 |
| 2013-14 | 3-2 | 1050 | ശങ്കരൻകുട്ടി (പെൻഷൻ) | 11607102382/23.11.16 |
| 2013-14 | 3-2 | 1050 | കുറുമ്പക്കുട്ടി (പെൻഷൻ) | 11607102421/25.11.16 |
| | | 10920 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43950796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39489401 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44404 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3027606 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 17476 | അനു.പി.പ്രഭു,അസി.എഞ്ചിനീയർ |
| 3-10 | - | 26928 | ,, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 230000 | ഡോ.സ്വപ്ന, കൃഷി ഓഫീസർ |
| 3-4 | 743435 | ഡോ.ഷീന.കെ.വാസു,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6 | 1374067 | ശാന്ത.ഐ.സി.ഡി.എസ്., സൂപ്പർവൈസർ |
| 3-9 | 680104 | സി.ജി ജയകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 3027606 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനു.പി.പ്രഭു, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തൃക്കൂർ ഗ്രാമപഞ്ചായത്ത് | അശ്വതി, വെളിയനാട്.പി.ഒ, ആരക്കുന്നം, എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1981-82 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 82-83 | എൽ.എഫ്.ടി.എസ്. 2-825/11 തീയതി 28.10.11/6.12.11 |
| 84-85 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 88-89,89-90,91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 94-95 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 95-96 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 96-97(ചെലവ്) | എൽ.എഫ്.ടി.11-893/99 തീയതി 19.4.99 |
| 96-97(ഫൈനൽ) | എൽ.എഫ്.ടി.11-154/06 തീയതി 31.5.06 |
| 97-98ചെലവ് | എൽ.എഫ്.ടി.893/99 തീയതി19.4.99 |
| 97-98ഫൈനൽ | എൽ.എഫ്. ടി.11-155/06 തീയതി 31.5.06 |
| 98-99ചെലവ് | എൽ.എഫ്.ടി11-662/00 തീയതി 1.9.00 |
| 98-99ഫൈനൽ | എൽ.എഫ്.ടി.11-1526/00 തീയതി 18.10.06 |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ.എഫ്.ടി.11-1069/03 തീയതി 26.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി.11-1527/06 തീയതി 20.10.06 |
| 00-01 | എൽ.എഫ്.ടി.11-1683 തീയതി 4.10.08 |
| 01-02 | എൽ.എഫ്.ടി.11-2361/07 തീയതി 4.10.08 |

| | |
|---|---|
| 02-03 | എൽ.എഫ്.ടി.11-2370/07<br>തീയതി 4.10.08 |
| 03-04 | എൽ.എഫ്.ടി.11-1364/08<br>തീയതി 3.8.09 |
| 04-05 | എൽ.എഫ്.ടി.11-1365/08<br>തീയതി 3.8.09 |
| 05-06 | എൽ.എഫ്.ടി.11-1620/09<br>തീയതി 8.8.10 |
| 06-07 | എൽ.എഫ്.ടി.11-1621/09<br>തീയതി 18.8.10/31.1.11 |
| 07-08 | എൽ.എഫ്.ടി.(പി5)370/11<br>തീയതി 11.3.11 |
| 08-09 | എൽ .എഫ്.ടി.(പി5)371/11<br>തീയതി 15.3.11 |
| 09-10 | എൽ .എഫ്.ടി.(പി5)372/11<br>തീയതി 15.3.11 |
| 10-11 | എൽ .എഫ്. ടി.(പി4)710/12<br>തീയതി 18.9.12/2.3.13 |
| 11-12 | എൽ.എഫ്. ടി.(പി8) 1568/13<br>തീയതി 14.3.14/12.5.14 |
| 12-13 | എൽ. എഫ്.ടി.(പി8) 379/14<br>തിയതി 12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8)<br>560/15/20.8.15/ 12.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി6)<br>1256/16/ 28.7.2016 |
| 15-16 | കെ .എസ്.എ.ടി. എസ്.ആർ.(പി6)<br>2058/16/ 22.11.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം I</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.ടി.എസ്.ആർ.(പി.6)1442/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 09.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA.TSR(P6)1442/17

Kerala State Audit Department

District Audit Office, Thrissur-20

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 09.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thrikkur Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thrikkur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur